പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2392** — 08.07.2015 ന് മറുപടിയ്ക്ക്.

## ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ. യ്-ക്ക് ഇറിഗേഷൻ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും പ്രസ്തുത സ്ഥലത്ത് ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;<br><br>(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | (എ) യും (ബി) യും ചാലക്കുടി ഗവ. ഐ.ടി.ഐ.യിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് വേണ്ടി 2014-15 സാമ്പത്തിക വർഷത്തിൽ 14,90,000/-രൂപ അനുവദിച്ചിരുന്നു. ടി തുക പി.ഡബ്ല്യൂ.ഡി. അധികൃതർക്ക് കൈമാറുകയും ചുറ്റുമതിൽ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർമ്മാണ പ്രക്രിയകൾക്ക് തടസ്സമായി പ്രസ്തുത സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ടി തൃശ്ശൂർ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുമായി പ്രിൻസിപ്പാൾ ബന്ധപ്പെടുകയും, മരം മുറിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി മരങ്ങൾ മുറിച്ചു മാറ്റിയാൽ ഉടൻ തന്നെ ചുറ്റുമതിൽ നിർമ്മാണം ആരംഭിക്കുന്നതാണ്. ആഡിറ്റോറിയം നിർമ്മിക്കുന്നതിന് വേണ്ടി പി.ഡബ്ല്യൂ.ഡി യിൽ നിന്നുമുള്ള 75 ലക്ഷം രൂപയുടെ ശുപാർശ കഴിഞ്ഞ സാമ്പത്തിക വർഷം ലഭ്യമായിരുന്നുവെങ്കിലും ടി ആവശ്യത്തിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി ശുപാർശ പരിഗണിക്കാൻ സാധിച്ചിട്ടില്ല. നടപ്പ സാമ്പത്തിക വർഷത്തിലും ഓഡിറ്റോറിയത്തിനു വേണ്ടി തുകയൊന്നും ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ